ഉത്തരം

പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ പത്തടിപാലം മുതൽ അടിച്ചിതൊട്ടി കോളനിവരെയുള്ള റോഡ് നിർമ്മാണത്തിന് 14.5 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 5 കോടി രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്.

അട്ടപ്പാടിയിലെ സമൂഹ അടുക്കളകൾ

352 (692) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ 2013 മുതൽ എത്ര സമൂഹഅടുക്കളകൾ (Community Kitchan) ആരംഭിച്ചു ; നിലവിൽ ഇപ്പോൾ എത്ര അടുക്കളകൾ പ്രവർത്തിക്കുന്നു ;

(ബി) പ്രസ്തുത അടുക്കളയിൽ എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് തയ്യാറാക്കുന്നത് ; ഈ അടുക്കളയിലൂടെ ശരാശരി എത്ര പേർക്ക് ഒരു ദിവസം ഭക്ഷണം നൽകുന്നുണ്ട് ;

(സി) ഓരോ അടുക്കളയും പ്രവർത്തിപ്പിക്കുന്നതിന് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് ; എത്ര രൂപയാണ് ചെലവാകുന്നത് ; ഒരാൾക്ക് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; എത്ര രൂപയാണ് ചെലവാകുന്നത് ; എപ്പോഴാക്കെയാണ് തുക അനുവദിച്ചത് ;

(ഇ) പദ്ധതി നടപ്പാക്കുന്നത് ഏത് വകുപ്പാണ് ; ഏത് ഉദ്യോഗസ്ഥനാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത് ;

(എഫ്) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഭക്ഷണ സാധനങ്ങൾ സംഭരിക്കുന്നത് എപ്രകാരമാണ് ; സംഭരണവില എപ്രകാരമായിരുന്നെന്ന് വ്യക്തമാക്കുമോ ;

(ജി) പണം യഥാസമയം അനുവദിക്കാത്തതിനാൽ ഭക്ഷണ സാധനങ്ങൾ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഭക്ഷണ സാധനങ്ങൾ വാങ്ങിയ വകയിൽ ഏജൻസികൾക്കോ, സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ പണം നൽകാനുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 186 സമൂഹ അടുക്കളകൾ ആരംഭിച്ചു. നിലവിൽ 101 എണ്ണം പ്രവർത്തനക്ഷമമാണ്.

(ബി) ചോറും സാമ്പാറും നൽകി വരുന്നു. ഊരുകളുടെ ജനസംഖ്യാനുപാതം അനുസരിച്ച് 40 മുതൽ 150 പേർക്ക് വരെ ഒരു അടുക്കളയിൽനിന്നും ഭക്ഷണം നൽകി വരുന്നു.

(സി) ഓരോ അടുക്കളയ്ക്കും പ്രത്യേകം തുക അനുവദിച്ചിട്ടില്ല.

അരി, പലവ്യഞ്ജനങ്ങൾ എന്നിവയ്ക്ക് പുറമേ മുട്ടയും ചേർക്കുന്ന വിധത്തിൽ ഓരോ വ്യക്തിയ്ക്കും ചിലവ് നിശ്ചയിച്ചിട്ടുണ്ട്.

വിറക്	-	2 രൂപ
പച്ചക്കറി	-	3 "
പാചകക്കൂലി	-	3 "

അരി, പലവ്യഞ്ജനങ്ങൾ എന്നിവയ്ക്കായി ഒരാൾക്ക് ശരാശരി 10 രൂപ ചെലവ് കണക്കാക്കുന്നു.

(ഡി) ആകെ രൂപ 2,24,36,066 - രൂപ അനുവദിച്ചിട്ടുണ്ട്.

2014 ജൂലൈ - 50 ലക്ഷം രൂപ

2014 ഓഗസ്റ്റ് -74,36,066- രൂപ

2014 നവംബർ - 1 കോടി രൂപ

(ഇ) സാമൂഹ്യനീതി വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സമൂഹ അടുക്കളക്കാവശ്യമായ അരിയും, പലവ്യഞ്ജനങ്ങളും സപ്ലൈകോ മുഖാന്തിരം വാങ്ങുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ സംയോജിത ശിശുക്ഷേമ വിഭാഗം മുതല വഹിക്കുന്നു.

(എഫ്) അരിയും പലവ്യഞ്ജനങ്ങളും സപ്ലൈകോമുഖേന വാങ്ങിക്കുകയും പച്ചക്കറി, വിറക് തുടങ്ങിയവ കുടുംബശ്രീ/എൻ.ആർ.എൽ.എം. ഗ്രൂപ്പുകളിൽ നിന്നും വിപണന നിരക്കിൽ വാങ്ങിക്കുകയും ചെയ്യുന്നു.

(ജി) ഇല്ല. 25-11-14 വരെയുള്ള ബില്ലുകൾ അനുസരിച്ച് 30,81,580.25-രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്.

584/16

LIBRARY ARCHIVES Kerala Legislative Assembly